# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.451

## 29-05-2019 ൽ മറുപടിക്ക്

## കിഫ്ബി മസാല ബോണ്ട്

| ചോദ്യം<br>ശ്രീ. വി.എസ്. ശിവകുമാർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബി മസാല ബോണ്ടിലൂടെ എത്ര കോടി രൂപയാണ് സമാഹരിച്ചിട്ടുള്ളത്; ഇതിനുള്ള പലിശ എത്രശതമാനമാണെന്ന് വ്യക്തമാക്കുമോ; | കിഫ്ബി നിലവിൽ പുറത്തിറക്കിയ മസാല ബോണ്ടുകൾ വഴി 2150 കോടി രൂപയാണ് ലഭിച്ചത്. 9.723% കൂപ്പൺ റേറ്റിൽ ആണ് പ്രസ്തുത മസാല ബോണ്ടുകൾ വിപണനം ചെയ്യപ്പെട്ടത്. |
| (ബി) പ്രസ്തുത ബോണ്ടിന്റെ കാലാവധി എത്ര വർഷമാണ്; കാലാവധി കഴിയുമ്പോൾ പലിശസഹിതം എത്ര തുകയാണ് തിരിച്ചടയ്ക്കാനുള്ളത്; | തിരിച്ചടവ് കാലാവധിയായ 5 വർഷം കഴിയുമ്പോൾ ആകെ പലിശയും മുതലും ഉൾപ്പടെ 3195.23 കോടി രൂപ തിരിച്ചടക്കേണ്ടതായിട്ടുണ്ട്. |
| (സി) ഈ ബോണ്ടുകൾ വാങ്ങിയത് ഏത് ധനകാര്യ സ്ഥാപനമാണ്; ഈ സ്ഥാപനത്തിലെ നിക്ഷേപകരുടെ പൂർണ്ണ വിവരം വിശദമാക്കാമോ; | അസറ്റ് മാനേജർസ്, ഇൻഷ്വറൻസ്, പെൻഷൻ ഫണ്ട്, ബാങ്കിങ്, പ്രൈവറ്റ് വെൽത്ത് മാനേജർസ് എന്നീ വിവിധ ശ്രേണികളിൽ നിന്നായി 16 സ്ഥാപനങ്ങളാണ് കിഫ്ബിയുടെ മസാല ബോണ്ടിൽ നിലവിൽ നിക്ഷേപം നടത്തിയിരിക്കുന്നത്. മസാല ബോണ്ടുകളിൽ റിസർവ് ബാങ്ക് നിയമപ്രകാരം ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ് സ് ( FATF ) അംഗീകരിച്ച നിക്ഷേപകർക്ക് മാത്രമേ പങ്കെടുക്കുവാൻ സാധിക്കൂ. കിഫ്ബിയുടെ മസാല ബോണ്ടിൽ പങ്കെടുത്ത എല്ലാ നിക്ഷേപകരും RBI നിഷ്കർഷിക്കുന്ന KYC മാനദണ്ഡം പാലിച്ചുവന്നവരാണ്. ഈ നിക്ഷേപകരെ സംബന്ധിച്ച് കിഫ്ബിയിൽ ലഭ്യമായിട്ടുള്ള വിശദാംശങ്ങൾ ഇടപാട് നടന്ന ദിവസത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. ഇതിനു ശേഷം സെക്കന്ററി വിപണിയിൽ കച്ചവടം നടക്കാനുള്ള സാധ്യത |

| | |
|---|---|
| | കണക്കിലെടുത്താൽ, നിലവിൽ ഈ ബോണ്ടുകളുടെ ഉടമസ്ഥത ഇതേ നിക്ഷേപകർക്ക് തന്നെ ആകണമെന്നില്ല. |
| (ഡി) ആഭ്യന്തര/വിദേശ ധനകാര്യ വിപണിയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭ്യമാകുമ്പോൾ ഉയർന്ന പലിശയ്ക്ക് മസാല ബോണ്ട് ഇറക്കാനുള്ള കാരണം വ്യക്തമാക്കുമോ? | അൻപതിനായിരം കോടിയോളം രൂപയുടെ അടിസ്ഥാന സൗകര്യ പദ്ധതികളാണ് കിഫ്ബി വഴി നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിരിക്കുന്നത്. ഇത്രയും വലിയ രീതിയിലുള്ള ധനസമാഹരണം കേവലം ഒരു സ്രോതസ്സിലൂടെ ലഭ്യമാക്കുക എന്നത് പ്രായോഗികമല്ല. ഇതിനു കിഫ്ബിയ്ക്ക് അതിന്റെ ആക്ട് അനുവദിക്കുന്ന രീതിയിൽ റിസർവ് ബാങ്ക്, സെബി തുടങ്ങിയ റെഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹാരണ ഉപാധികളെയും ആശ്രയിക്കേണ്ടി വരും. ആദ്യഘട്ടമായി നടത്തിയ ആഭ്യന്തര ബോണ്ട് വഴി ഉദ്ദേശിച്ച ധനസമാഹരണം റീ ടെൻഡറിന് ശേഷവും ഉയർന്ന പലിശ നിരക്ക് (10.20% - 10.25%) കാരണം ഉപേക്ഷിക്കുകയായിരുന്നു. ആഭ്യന്തര ബോണ്ടുവഴിയുള്ള ധനസമാഹരണത്തിനു വിവിധ റേറ്റിംഗ് ഏജൻസികൾ കിഫ്ബിയ്ക്ക് നൽകിയ ക്രെഡിറ്റ് റേറ്റിംഗ് A+ ആയിരുന്നു. ഈ ബോണ്ടുകൾ എല്ലാം തന്നെ കിഫ്ബിയുടെ മസാല ബോണ്ടിന്റെ പലിശ നിരക്കിനെക്കാളും ഉയർന്ന നിരക്കിലാണ് പുറപ്പെടുവിച്ചിരിക്കുന്നത് എന്നത് വ്യക്തമാണ്. കിഫ് ബോർഡിന്റെ നിർദ്ദേശാനുസരണം വിവിധ പൊതുമേഖല ബാങ്കുകളിൽ നിന്ന് ധനസഹായം തേടിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 4 ബാങ്കുകളിൽ നിന്ന് 8.95% മുതൽ 9.30% വരെയുള്ള പലിശനിരക്കിൽ ടേം ലോൺ ലഭ്യമാക്കിയിട്ടുണ്ട്. വിവിധ ബാങ്കുകൾ ടേം ലോണുകൾ വഴി കിഫ്ബിയ്ക്ക് അനുവദിച്ചത് 2565 കോടി രൂപ മാത്രമാണ്. ഇതിൽ ഒരു ബാങ്കിൽ നിന്ന് പരമാവധി ലഭ്യമാക്കുവാൻ കഴിഞ്ഞത് 1000 കോടി രൂപയാണ്. മേൽ സൂചിപ്പിച്ച സ്രോതസ്സുകൾ 50000 കോടി മുതൽ മുടക്ക് വരുന്ന പദ്ധതികൾക്ക് പര്യാപ്തമാകില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് അന്താരാഷ്ട്ര ബോണ്ട് വിപണിയിലേക്കുള്ള ശ്രമം നടത്തിയത്. ടേം ലോണുകൾക്ക് |

| | |
|---|---|
| | മൊറട്ടോറിയം കാലാവധി (ശരാശരി 2 വർഷം) കഴിഞ്ഞാൽ പലിശയോടൊപ്പം മുതലിന്റെ ഒരു അംശവും തിരിച്ചടച്ചു തുടങ്ങണം. എന്നാൽ ഇതിൽ നിന്ന് വ്യത്യസ്തമായി ബോണ്ടുകൾക്ക് മുതലിന്റെ തിരിച്ചടവ് ലോൺ കാലാവധി തീരുന്ന മുറക്ക് മതിയാകും എന്നുള്ളതാണ്. കൂടാതെ കാലാകാലങ്ങളിൽ എം.സി.എൽ.ആർ ൽ ഉണ്ടാകുന്ന വ്യതിയാനം ടേം ലോണുകളുടെ നിരക്കിനെ ബാധിക്കും. എന്നാൽ മസാലബോണ്ടിന്റെ പലിശ നിരക്ക് കാലാവധി പൂർത്തികരിക്കുന്നവരെയും സ്ഥിരമാണ്. കിഫ്ബി ഇപ്പോൾ പുറപ്പെടുവിച്ച മസാല ബോണ്ടിന്റെ കാലാവധി 5 വർഷമാണ്.<br>മേൽ സൂചിപ്പിച്ച കാരണങ്ങളാൽ ദേശീയ തലത്തിലും അന്തർദേശീയ തലത്തിലും ശ്രദ്ധിക്കപ്പെട്ട ധനകാര്യ വിദഗ്ധരും അടങ്ങുന്ന കിഫ് ബോർഡ് മസാല ബോണ്ട് നടപടിക്രമങ്ങളുമായി മുൻപോട്ട് പോകുവാൻ തീരുമാനിക്കുകയും, 9.723% എന്ന പലിശ നിരക്ക് ന്യായമായമാണ് എന്നുള്ളതിനാൽ ആ നിരക്കിൽ ഉറപ്പിക്കുകയുമായിരുന്നു. 31.03.2019 നു മുൻപ് ഈ ഇടപാട് നടത്തിയ വഴി കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിരുന്ന 5% വിത് ഹോൾഡിങ് നികുതിയുടെ ഇളവും കിഫ് ബിയ്ക്ക് നേടാനായി. |

സെക്ഷൻ ഓഫീസർ